**ദീപ്തമായ പ്രകാശഗോപുരം**
ഫാ . ടി. ജെ. ജോഷ്വ

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ച്, ജീവിതംകൊണ്ടും, വീക്ഷണംകൊണ്ടും ഉപദേശങ്ങൾകൊണ്ടും കേരള നഭോമണ്ഡലത്തെ പ്രദീപ്തമാക്കിയ പ്രകാശഗോപുരമായിരുന്നു പുണ്യശ്ലോകനായ പരുമല മാർ ഗ്രീഗോറിയോസ് പിതാവ്. ഇരുപത്തിനാലാം വയസ്സിൽ സന്യാസിയും, ഇരുപത്തൊൻപതാം വയസ്സിൽ മെത്രാപ്പോലീത്തായുമായ അദ്ദേഹം അൻപത്തിമൂന്നാമത്തെ വയസ്സിൽ ദിവംഗതനായി. അദ്ദേഹത്തിന്റെ യഥാർഥ പ്രവർത്തനകാലം മൂന്നു ദശകത്തിൽ ഒതുങ്ങിനിന്നു. എങ്കിലും അദ്ദേഹം ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠനേടി. ദിവ്യരക്ഷകനായ ക്രിസ്തുനാഥന്റെ ആത്മീയ ചൈതന്യം നിറഞ്ഞു തുളുമ്പിയ ഒരു യോഗിവര്യൻ, പ്രാർഥനയുടെയും തപശ്ചര്യകളുടെയും അനുഷ്ഠാനത്തിൽക്കൂടി അദ്ഭുതസിദ്ധികൾ ആർജിച്ച ഒരു മഹാപരിശുദ്ധൻ എന്നീ ചിത്രങ്ങളാണ് സാധാരണക്കാരുടെ ഹൃദയത്തിൽ അദ്ദേഹത്തെപ്പറ്റി എത്തുന്നത്. ജീവിച്ചിരുന്നപ്പോഴും, അതിനുശേഷവും അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽക്കൂടി ഭക്തർക്ക് ആത്മീയാനുഗ്രഹങ്ങൾ ലഭിക്കുന്നു എന്നുള്ളതും അനിഷേധ്യമായ സത്യമാണ്.

എന്നാൽ അദ്ദേഹത്തിന്റെ മറ്റു ചില സവിശേഷതകളെപ്പറ്റി അധികം ഓർക്കപ്പെടാറില്ല. അദ്ദേഹത്തിന്റെ സാമൂഹ്യദർശനവും വിദ്യാഭ്യാസപരമായ വീക്ഷണവും പ്രത്യേകം പരിഗണിക്കപ്പെടേണ്ടവയാണ്.

1. സാമൂഹ്യപരിഷ്കർത്താവ്: ഉച്ചനീചത്വങ്ങൾക്കെതിരായും വർണവിവേചനത്തെ ചെറുക്കുന്നതുമായ ഒരു നിലപാട് അദ്ദേഹം പുലർത്തിയിരുന്നു. അദ്ദേഹം ജീവിച്ച പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹികാവസ്ഥയെപ്പറ്റി നാം കണക്കിലെടുക്കണം. അന്നു തിരുവിതാംകൂർ, കൊച്ചി, നാട്ടുരാജ്യങ്ങളാണ്. അവിടെ രാജവാഴ്ചയുമായിരുന്നു. സവർണരും അവർണരുമെന്ന വേർതിരിവ് രൂക്ഷമായിരുന്നു. താഴ്ന്ന ജാതിക്കാരായ പറയർ, പുലയർ, കുറുമർ എന്നിവർക്കു മാത്രമല്ല ഈഴവർക്കുപോലും വളരെയേറെ പരാധീനതകൾ അനുഭവിക്കേണ്ടിവന്നു. പട്ടിക്കും പൂച്ചയ്ക്കും സൈ്വരവിഹാരം ചെയ്യാൻ സ്വാതന്ത്ര്യമുള്ള രാജവീഥികളിൽ മേൽപ്പറഞ്ഞ ജാതിക്കാർക്കു യാത്രനിഷേധിച്ചിരുന്നു. തീണ്ടലും തൊടീലും അയിത്തവും കൊടികുത്തിവാണു. മഹാത്മാഗാന്ധി ഹരിജനോദ്ധാരണ പദ്ധതികളുമായി രംഗപ്രവേശം ചെയ്തിരുന്നില്ല. കേരളത്തിൽ, നവോത്ഥാനശില്പിയായ ശ്രീനാരായണഗുരുദേവൻ അധഃസ്ഥിതരുടെ വക്താവും ഉദ്ധാരകനുമായി പിന്നീടു പ്രത്യക്ഷപ്പെടുന്നുണ്ട്. ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരവും പിന്നീടാണ് ഉണ്ടാകുന്നത്.

1895—ൽ പരുമലത്തിരുമേനി വിശുദ്ധ നാടു സന്ദർശിച്ചശേഷം നാട്ടിൽ തിരിച്ചെത്തിയപ്പോൾ പരുമല സെമിനാരിയിൽവച്ച് ഒരു പ്രസംഗംചെയ്തു. പല കാരണങ്ങൾകൊണ്ടും അതു വളരെ ശ്രദ്ധേയമായിത്തീർന്നു. ലോക രക്ഷകന്റെ പാദസ്പർശമേറ്റ പുണ്യഭൂമിയും, ത്യാഗവേദിയായ കാൽവരിയും നവയുഗപ്പിറവികുറിച്ച തിരുക്കബറിടപ്പള്ളിയും എല്ലാം സന്ദർശിച്ചതിൽനിന്നുള്ള പ്രചോദനം പ്രാപിച്ചാകാം ആ പ്രസംഗം രൂപംകൊണ്ടത്. അദ്ദേഹം ഉന്നയിച്ച ഒരു വലിയ സന്ദേശം മനുഷ്യരെല്ലാം സമന്മാരെന്നും, അടിച്ചമർത്തപ്പെട്ടും ചൂഷണം ചെയ്യപ്പെട്ടും കഴിയുന്ന ജനങ്ങളുടെ മോചനത്തിനും ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കേണ്ടത് അനുപേക്ഷണീയ കർത്തവ്യമാണെന്നും അദ്ദേഹം സമർഥിച്ചു. അദ്ദേഹംപ്രസ്താവിച്ചു: ''ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടത് എന്തെല്ലാമെന്ന് ആലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായി ദാരിദ്ര്യത്തിൽ മുഴുകി പാപംചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്. താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന പുലയർ മുതലായവർക്കു രാജപാതയിൽ സഞ്ചാരമോ, സമസ്യഷ്ടങ്ങളോട് അടുപ്പമോ സാധ്യമല്ലാതെയാണിരിക്കുന്നത്. ഈ സാധുക്കൾക്കു സത്യമായ ദൈവവിശ്വാസമുണ്ടാകേണ്ടതും അവർക്ക് അറിവുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു.'' ഈ വാക്കുകൾ അപഗ്രഥിച്ചാൽ പരുമലത്തിരുമേനിയുടെ സാമൂഹ്യദർശനം ഗ്രഹിക്കാം. ''താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന'' എന്നു പ്രസ്താവിക്കുമ്പോൾ അദ്ദേഹം അവരെ ആ നിലയിൽ കാണുന്നില്ല എന്നു വ്യംഗ്യം. ഭ്രഷ്ടരെന്നു കരുതപ്പെടുന്ന മനുഷ്യരെ നമ്മുടെ സഹോദരങ്ങളായി കാണണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. അവരുടെ ഉദ്ധാരണം താൽക്കാലികങ്ങളായ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകി സാധിക്കേണ്ടതല്ല; ശരിയായ ബോധവൽക്കരണം അവരിൽ വരുത്തുകയാണാവശ്യം. അതുവഴി ധാർമികവും സാന്മാർഗികവുമായ പുരോഗതിയും ആത്മീയപരിവർത്തനവും കൈവരുത്താമെന്ന് അദ്ദേഹം വിശ്വസിച്ചു.

2. വിദ്യാഭ്യാസ വീക്ഷണം: ഇന്നുള്ള നമുക്ക് അന്നത്തെ പിന്നോക്കാവസ്ഥ ഗ്രഹിക്കാൻ വിഷമമായിരിക്കും. എവിടെ നോക്കിയാലും ''കൂൺ'' കിളിർക്കുന്നതുപോലെ വിദ്യാലയങ്ങൾ ഇന്നു തലയുയർത്തിനിൽക്കുന്നു. ''കേരളത്തിൽ വ്യവസായങ്ങൾ ഒന്നും വളരുന്നില്ലെങ്കിലും വിദ്യാഭ്യാസ വ്യവസായം തഴച്ചുവളരുന്നു'' എന്ന്

ഒരാൾ വിമർശിച്ചതു ചിന്തോദ്ദീപകമാണ്. പണം ഇറക്കി പണം കോരാനുള്ള അന്തസ്സുറ്റ മാർഗമായിട്ടാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പലരും കാണുന്നത്. മതഭേദമില്ലാതെ മാനേജ്മെന്റുകൾ ഈ രംഗത്തു കാണിക്കുന്ന വ്യഗ്രത അതു വിളിച്ചോതുന്നു.

എന്നാൽ പരുമലത്തിരുമേനി ജീവിച്ചകാലത്തെ അവസ്ഥ എത്ര വ്യത്യസ്തമായിരുന്നു. വിദ്യാലയങ്ങൾതന്നെ അത്യപൂർവം. ഉള്ളവയിൽ അവർണർക്കു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. ജാതിയുടെയും വർണത്തിന്റെയും പേരിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട അക്കാലത്ത്, വിദേശീയരായ പ്രോട്ടസ്റ്റന്റ് മിഷനറിമാർ ഇവിടെവന്നു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും താഴ്ന്ന ജാതിക്കാരായ കുട്ടികൾക്ക് അവിടെ പഠിക്കാനുള്ള സാഹചര്യം ഒരുക്കുകയുംചെയ്തു.

വിദ്യാഭ്യാസത്തിൽക്കൂടി മനുഷ്യർക്കുണ്ടാകാവുന്ന വലിയ പുരോഗതിയെപ്പറ്റി നമ്മുടെ കഥാപുരുഷൻ തികച്ചും ബോധവാനായിരുന്നു. അതേപ്പറ്റി അദ്ദേഹം പ്രസ്താവിക്കുന്നു: ‘‘ഈ നാട്ടിൽ ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല, മറ്റു മതക്കാരുടെ ഇടയിലും ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നത് സുവിശേഷ പ്രചാരത്തിന് ഉത്തമമായ മാർഗമാണ്. ദൈവാനുഗ്രഹം സിദ്ധിച്ചിട്ടുള്ള മഹാന്മാർ ഇംഗ്ലീഷിൽ എഴുതിയ പുസ്തകങ്ങളായിരിക്കുമല്ലോ വിദ്യാർഥികൾ ഈ സ്കൂളിൽ പഠിക്കുന്നത്.’’ അവരുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ പുറത്തേക്കുള്ള നമ്മുടെ വാതായനങ്ങൾ തുറക്കപ്പെടുകയാണെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം തുടരുന്നു: ‘‘ജനങ്ങളുടെ ഇടയിൽ സത്യം, സന്മാർഗാചരണം, വിശ്വാസം, ഭക്തി, പരസ്പരബഹുമാനം ഇവയെ വളർത്താൻ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രേ പ്രാർഥന. നിത്യവും ദൈവപ്രാർഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ, ദുർമാർഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.’’

അദ്ദേഹം മുൻകൈ എടുത്തു സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങൾ കേരളത്തിന്റെ പല ഭാഗങ്ങളിലായി ഇന്നും പ്രശസ്ത പാരമ്പര്യം പുലർത്തുന്നു. തുമ്പമൺ എം. ജി. എം., തിരുവല്ല എം. ജി. എം., കുന്നംകുളം എം. ജി. ഡി., മുളന്തുരുത്തി പള്ളിത്താഴം സ്കൂൾ (ഇപ്പോൾ ഗവൺമെന്റു വക) സങ്കുചിതമായ പ്രാദേശികതയൊന്നും പരിഗണിക്കാതെ കേരളത്തിന്റെ തെക്കും വടക്കുമായി വിവിധ സ്ഥാനങ്ങളിലാണ് ഈ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. തിരുവല്ലാ എം. ജി. എം.–ന്റെ പൂർത്തീകരണം അദ്ദേഹത്തിന്റെ കാലശേഷമാണു സാധ്യമായത്.‘‘മുൻപേ പറക്കുന്ന പക്ഷികൾ’’ എന്ന വിശേഷണത്തിൽ ചേർക്കാവുന്ന വ്യക്തിയായിരുന്നു..

Source: Manoramaonline.com




www.pallibhagamyouth.com